**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 913** **09-10-2024 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സ്വാഭാവിക വനവൽക്കരണത്തിന്റെ ഭാഗമായി അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇവയ്ക്ക് പകരം തദ്ദേശീയ മരങ്ങൾ വെച്ചുപിടിപ്പിച്ചാൽ വന്യജീവിശല്യത്തിന് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; | (ബി) | ഉണ്ട്. നമ്മുടെ മണ്ണിന് അനുയോജ്യമല്ലാത്ത സസ്യങ്ങളുടെ കടന്നുകയറ്റം സ്വാഭാവിക വനങ്ങളുടെ ശോഷണത്തിന് കാരണമായി തീർന്നിട്ടുണ്ട്. ഇത് മനുഷ്യ-വന്യജീവി സംഘർഷത്തിന് ആക്കം കൂട്ടുന്നതായി ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്. പരിസ്ഥിതി പുന:സ്ഥാപനത്തിലൂടെ സുസ്ഥിരമായ ആവാസവ്യവസ്ഥ സാധ്യമാകുമെന്നത് വ്യക്തമാണ്. |
| (സി) | എങ്കിൽ ഈ പദ്ധതി സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ നടപ്പാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ? | (സി) | വനം വകുപ്പിന്റെ കീഴിലുള്ള ടെറിട്ടോറിയൽ സർക്കിളുകളായ സതേൺ സർക്കിൾ കൊല്ലം, ഹൈറേഞ്ച് സർക്കിൾ കോട്ടയം, സെൻട്രൽ സർക്കിൾ തൃശ്ശൂർ, ഈസ്റ്റേൺ സർക്കിൾ പാലക്കാട്, നോർത്തേൺ സർക്കിൾ കണ്ണൂർ എന്നിവിടങ്ങളിലും, വൈൽഡ് ലൈഫ് സർക്കിളുകളിലും നിലവിലുള്ള 7728.068 ഹെക്ടർ അക്കേഷ്യ, 2820.755 ഹെക്ടർ മാഞ്ചിയം, 6821.030 ഹെക്ടർ യൂക്കാലിപ്റ്റസ് എന്നിവ നീക്കം ചെയ്ത് സ്വാഭാവിക വനപുന:സ്ഥാപനം നടത്തുവാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ